**ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(സാന്നിദ്ധ്യം: അബുൽകലാം.എം)**

വിഷയം: തൊഴിൽ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

വായന :

1. 30/01/2021 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്.
2. സ.ഉ(പി) നമ്പർ 27/2021/ധന തീയതി 10.02.2021 ശമ്പള പരിഷ്കരണ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 14/05/2021 തീയതിയിലെ എൽ.സി.ഒ 10123/2021/ഇ1(2) നമ്പർ ഉത്തരവ്.
4. ഈ കാര്യാലയത്തിലെ 30/06/2021 തീയതിയിലെ ഇ1/1767/2021 നമ്പർ ഉത്തരവ്.
5. ഈ കാര്യാലയത്തിലെ 30/06/2021 തീയതിയിലെ ഇ1/1767/2021(1) നമ്പർ ഉത്തരവ്.
6. ഈ കാര്യാലയത്തിലെ 12/07/2021 തീയതിയിലെ എൽ.സി.ഒ 10123/2021/ഇ1 നമ്പർ ഉത്തരവ്.
7. 29/12/2020 തീയതിയിലെ 51-ാം നമ്പർ ഗസറ്റ് വിജ്ഞാപനം.
8. സ.ഉ(പി)നമ്പർ 629/2010/ധന തീയതി 25/11/2010

**ഉത്തരവ് നമ്പർ ഇ(2) 15868/2014 തീയതി : 18.08.2021**

വായന(1) ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട്മാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീമതി. ജമീല പൂളമണ്ണിൽ വരെയുള്ളവർക്ക് റേഷ്യോ ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വായന(2) -ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 01/07/2019 തീയതി മുതൽ ജൂനിയർ സൂപ്രണ്ട് തസ്തികയുടെ 33% ഹയർ ഗ്രേഡിലേയ്ക്ക് ഉയർത്തി 50200 - 105300 രൂപ ശമ്പള സ്കെയിലിൽ അനുവദിച്ചിട്ടുണ്ട്.

2. തൊഴിൽ വകുപ്പിൽ ആകെയുള്ള 34 ജൂനിയർ സൂപ്രണ്ട് തസ്തികകളിലെ ആകെ 11 ജൂനിയർ സൂപ്രണ്ട്മാർക്ക് മേൽ ആനുകൂല്യത്തിന് അർഹതയുണ്ട്. എന്നാൽ വായന (1), (2) ഉത്തരവുകൾ പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച ശ്രീമതി. കല.ഡി.ആർ, ശ്രീമതി. സുമ.വി.എ, ശ്രീമതി. ശ്രീലേഖ.എ, ശ്രീ. ഉണ്ണി. കെ.എം, ശ്രീ. ചന്ദ്രൻ. ജി, ശ്രീമതി. പ്രീണാ മംഗളാനന്ദൻ, ശ്രീമതി. രാജി. എസ് എന്നീ 7 ജൂനിയർ സൂപ്രണ്ടമാർക്ക് വായന (3) മുതൽ (6) വരെ ഉത്തരവുകൾ പ്രകാരം സീനിയർ സൂപ്രണ്ട്/സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം അനുവദിച്ചതിനാൽ വകുപ്പിൽ നിലവിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച 4 ജൂനിയർ സൂപ്രണ്ട്മാർ മാത്രമാണ് സേവനമനുഷ്ഠിക്കുന്നത്.

3. മേൽ സാഹചര്യത്തിൽ അർഹരായ 7 ജൂനിയർ സൂപ്രണ്ടുമാർക്ക് വായന(7)-ലെ സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 50200-105300 രൂപ ശമ്പളസ്കെയിലിൽ ചുവടെ ചേർക്കും പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചു ഉത്തരവാകുന്നു.

| സീനിയോറിറ്റി റേഷ്യോ ലിസ്റ്റിലെ ക്രമ നമ്പർ | റേഷ്യോ പ്രൊമോഷൻ അനുവദിയ്ക്കുന്ന ജൂനിയർ സൂപ്രണ്ടിന്റെ പേര് | റേഷ്യോ പ്രൊമോലഷൻ അനുവദിക്കുന്ന തീയതി | കുറിപ്പ് |
|---|---|---|---|
| 76. | ശ്രീ. മനോജ്.ഇ<br>പെൻ. 230884<br>ജില്ലാ ലേബർ ഓഫീസ് (ഇ) കോഴിക്കോട് | 18.05.2021 | ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച ശ്രീമതി.കല. ഡി. ആർ, ജൂനിയർ സൂപ്രണ്ടിന് വായന (3) പ്രകാരം സീനിയർ സൂപ്രണ്ട്/സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ടിയാരി 17/05/2021 അപരാഹ്നത്തിൽ വിടുതൽ ചെയ്ത ഒഴിവിൽ ശ്രീ. മനോജ്.ഇ, ജൂനിയർ സൂപ്രണ്ടിന് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നു. |
| 78 | ശ്രീമതി. റസീന.എ.എ<br>പെൻ. 231225<br>ജില്ലാ ലേബർ ഓഫീസ് (ഇ) എറണാകുളം | 27.05.2021 | ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച ശ്രീമതി.ശ്രീലേഖ.എ, ജൂനിയർ സൂപ്രണ്ടിന് വായന (3) പ്രകാരം സീനിയർ സൂപ്രണ്ട്/സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ടിയാരി 26.05.2021 അപരാഹ്നത്തിൽ വിടുതൽ ചെയ്ത ഒഴിവിൽ ശ്രീമതി. റസീന.എ.എ ജൂനിയർ സൂപ്രണ്ടിന് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നു. |
| 79 | ശ്രീ. സത്യപാൽ. പി.ആർ<br>പെൻ. 231014<br>ജില്ലാ ലേബർ ഓഫീസ് കാസറഗോഡ് | 01.06.2021 | ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച ശ്രീമതി. സുമ. വി.എ, ജൂനിയർ സൂപ്രണ്ടിന് വായന (3) പ്രകാരം സീനിയർ സൂപ്രണ്ട്/സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ടിയാരി 31.05.2021 അപരാഹ്നത്തിൽ വിടുതൽ ചെയ്ത ഒഴിവിൽ ശ്രീ.സത്യപാൽ. പി.ആർ ജൂനിയർ സൂപ്രണ്ടിന് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നു. |
| 81 | ശ്രീമതി.സിജി.സി.ഡി<br>പെൻ. 230839<br>ജില്ലാ ലേബർ ഓഫീസ്, വയനാട് | 03.07.2021 | ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച ശ്രീമതി.പ്രീണാ മംഗളാനന്ദൻ, ജൂനിയർ സൂപ്രണ്ടിന് വായന (5) പ്രകാരം സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ടിയാരി 02.07.2021 അപരാഹ്നത്തിൽ വിടുതൽ ചെയ്ത ഒഴിവിൽ ശ്രീമതി. സിജി.സി.ഡി ജൂനിയർ സൂപ്രണ്ടിന് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നു. |
| 82 | ശ്രീ. സോജിഷ്.കെ.സാം<br>പെൻ. 23895<br>ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം | 03.07.2021 | ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച ശ്രീ. ഉണ്ണി.കെ.എം, ജൂനിയർ സൂപ്രണ്ടിന് വായന (4) പ്രകാരം സീനിയർ സൂപ്രണ്ട്/സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ടിയാൾ 02.07.2021 പൂർവ്വാഹ്നത്തിൽ വിടുതൽ ചെയ്ത ഒഴിവിൽ ശ്രീ. സോജിഷ്.കെ.സാം, ജൂനിയർ സൂപ്രണ്ടിന് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നു. |

| | | | |
|---|---|---|---|
| 83 | ശ്രീമതി.ഷൈമ ചാത്തോത്ത്<br>പെൻ. 311250<br>ജില്ലാ ലേബർ ഓഫീസ്, കണ്ണൂർ. | 17.07.2021 | ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച ശ്രീ.ചന്ദ്രൻ.ജി, ജൂനിയർ സൂപ്രണ്ടിന് വായന (4) പ്രകാരം സീനിയർ സൂപ്രണ്ട്/ സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ടിയാൾ 16.07.2021 അപരാഹ്നത്തിൽ വിടുതൽ ചെയ്ത ഒഴിവിൽ ശ്രീമതി.ഷൈമ ചാത്തോത്ത് ജൂനിയർ സൂപ്രണ്ടിന് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നു. |
| 84 | ശ്രീമതി. ധനുഷ. പി.സി<br>പെൻ. 317966<br>ജില്ലാ ലേബർ ഓഫീസ്, (കണ്ണൂർ) (അന്യത്ര സേവനം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കണ്ണൂർ) | 23.07.2021 | ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച ശ്രീമതി. രാജി. എസ് ജൂനിയർ സൂപ്രണ്ടിന് വായന (6) പ്രകാരം സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ടിയാൾ 22.07.2021 അപരാഹ്നത്തിൽ വിടുതൽ ചെയ്ത ഒഴിവിൽ ശ്രീമതി. ധനുഷ.പി.സി ജൂനിയർ സൂപ്രണ്ടിന് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നു. |

4. ഈ ഉത്തരവ് പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിക്കപ്പെട്ട ജൂനിയർ സൂപ്രണ്ടുമാരുടെ ശമ്പള നിർണ്ണയം നടത്തി നിയന്ത്രണാധികാരികൾ സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് സ്പാർക്കിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

(ബന്ധപ്പെട്ടവർക്ക് ഇ-മെയിൽ മുഖാന്തിരം)

പകർപ്പ്:
1. ലേബർ കമ്മീഷണറുടെ പി.എ
2. അഡീഷണൽ ലേബർ കമ്മീഷണർ(ഇ,ഐആർ,ഡബ്ല്യു)
3. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ (കൊല്ലം, എറണാകുളം,കോഴിക്കോട്)
4. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
5. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
6. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
7. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
8. സീനിയർ സൂപ്രണ്ട്(ഇ)
9. ജൂനിയർ സൂപ്രണ്ട്(ഇ,എ,ഡബ്ല്യു,പി ഐ.ടി സെൽ)
10. ഫയൽ / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട് (ഇ)